**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1421 30.09.2011 - ൽ മറുപടിയ്ക്ക്

# എൻഡോസൾഫാൻ നിരോധനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | എൻഡോസൾഫാന്റെ വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചിട്ടും ഇവ യഥേഷ്ടം കേരളത്തിലെ തോട്ടം മേഖലകളിൽ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല |
| (ബി) | എൻഡോസൾഫാൻ മറ്റു പേരുകളിൽ കേരളത്തിൽ വിറ്റഴിക്കപ്പെടുന്നതും ഉപയോഗിക്കുന്നതും നിരോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | സർക്കാർ ഉത്തരവ് ജി.ഒ(എംഎസ്)136/2011/എഡി നമ്പർ ഉത്തരവു മുഖേന എൻഡോസൾഫാൻ വിറ്റഴിക്കപ്പെടുന്നതും, ഉപയോഗിക്കുന്നതും തടയുന്നതിന് ജില്ലാതല സ്ക്വാഡ് ജില്ലാകളക്ടർ ചെയർമാനും ജില്ലാ കൃഷി ഓഫീസർ കൺവീനറുമായി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എൻഡോസൾഫാൻ ഉപയോഗം ശ്രദ്ധയിൽപ്പെടുന്ന പക്ഷം 1968ലെ ഇൻസെക്ടിസൈഡ് ആക്ടും 1971ലെ ഇൻസെക്ടിസൈഡ് റൂൾസും അനുസരിച്ചുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാതല ഓഫീസുകളിലേയ്ക്കും കൃഷി വകുപ്പിന്റെ മറ്റ് ഓഫീസുകളിലേയ്ക്കും നൽകിയിട്ടുണ്ട്. |
| (സി) | മറ്റു സംസ്ഥാനങ്ങളിൽ നിന്ന് എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾ കടത്തിക്കൊണ്ടുവരുന്നതു ഫലപ്രദമായി തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) | എൻഡോസൾഫാൻ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് വരാതിരിക്കാൻ കീടനാശിനികൾ പരിശോധിക്കുന്നതിനു വേണ്ടുന്ന നിർദ്ദേശങ്ങൾ ജില്ലാകളക്ടർമാർ മുഖേന അതിർത്തി ചെക്കുപോസ്റ്റുകളിൽ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് മുഖേന (ജിഒ(എം.എസ്)136/2011/എ |

ഡി തീയതി23-5-2011) എൻഡോസൾഫാന്റെ ഉപയോഗം, സംഭരണം, കള്ളക്കടത്ത് എന്നിവ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ജില്ലാ കൃഷി ഓഫീസർ കൺവീനറുമായി സ്ക്വാഡ് രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ